നമ്പർ	കരാറിന്റെ കാലാവധി. ഉൽപ്പന്നങ്ങൾ	ഇപ്പോഴത്തെ സ്ഥിതി
1 CID Joint/CI Pipe	30-10-2015 to 29-10-2016	കരാർ നിലവിൽ ഉണ്ട്
2 മാൻഹോൾ കവർ	23-3-2014 to 22-3-2015	ആറുമാസം കൂടി ഉഭയകക്ഷി സമ്മത പ്രകാരം കരാർ നിലവിൽ ഉണ്ടായിരുന്നു.

(ഡി) കാസ്റ്റ് അയൺ പൈപ്പുകളും സി.ഐ.ഡി. ജോയിന്റുകളും കേരള വാട്ടർ അതോറിറ്റിക്ക് കൊടുക്കുവാനുള്ള കരാർ ഇപ്പോഴും നിലവിൽ ഉണ്ട്.

(ഇ) കരാർ പുതുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി കമ്പനി ചർച്ചകൾ നടത്തിവരുന്നു.

ചേർത്തല ഓട്ടോകാസ്റ്റ്

137(2175) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഓട്ടോകാസ്റ്റിനെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് സർക്കാർ ഭാഗത്തുനിന്നും ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഓട്ടോകാസ്റ്റിന്റെ പ്രതിസന്ധിക്ക് കാരണമെന്തെന്നും പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും ഈ മേഖലയിലുള്ളവരുമായി ചർച്ച നടത്തുകയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

ഓട്ടോകാസ്റ്റ് ദീർഘകാലമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കമ്പനിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി സംരക്ഷിക്കുന്നതിന് വിവിധ തലത്തിലുള്ള ഇടപെടലുകൾ നടത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റീൽ കാസ്റ്റിംഗ് ലൈൻ പദ്ധതി പൂർത്തിയാക്കുന്നതിനും പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനുമായി ഈ സർക്കാർ ഇതുവരെ 1875 ലക്ഷം രൂപയുടെ ധനസഹായം ഓട്ടോ കാസ്റ്റിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനാരോഗ്യകരമായ ഇറക്കുമതി മൂലം വിപണിയിൽ നിന്ന് നേരിടുന്ന കടുത്ത മത്സരം ആവശ്യമായ ഓർഡറുകൾ നേടിയെടുക്കുന്നതിൽ കമ്പനിക്ക് പ്രതിബന്ധമായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് 2013-ൽ ഇൻസ്റ്റ്യൂട്ട് ഓഫ് ഇന്ത്യൻ ഫൗണ്ടറിമെൻ കേരളാ ചാപ്റ്ററിന്റെ ഒരു റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് കൂടി പരിഗണിച്ചാണ് കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്.

പുതിയതായി ആരംഭിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

138(2176) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ആരംഭിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ ; ഓരോ സ്ഥാപനത്തിലും എത്ര കോടി രൂപ വീതം മൂലധന നിക്ഷേപം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

വ്യവസായ വകുപ്പിന്റെ കീഴിലുള്ള സിഡ്കോയുടെ ഒരു ഹൈടെക് ഫർണിച്ചർ നിർമ്മാണ യൂണിറ്റ് മലപ്പുറം ജില്ലയിൽ വേങ്ങരയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടർ പ്രവർത്തനങ്ങൾ കമ്പനി തലത്തിൽ സ്വീകരിച്ചുവരുന്നു. 26.78 കോടി രൂപയുടെ ഈ പദ്ധതിക്ക് സർക്കാർ വിഹിതമായ 10.71 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്കുകൾ

139(2177) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ലാഭനഷ്ട കണക്കുകൾ പരിഗണിക്കുമ്പോൾ ഏതൊക്കെ സ്ഥാപനങ്ങൾ പ്രവർത്തനലാഭം നേടിയിട്ടുണ്ട് ?

ഉത്തരം

കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ലാഭനഷ്ടക്കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly